# അമ്മയുടെ മുന്നിൽ പതറുന്ന രാഷ്ട്രീയ നേതൃത്വങ്ങൾ

കെ.കെ. പൊന്നപ്പൻ

കേരള രാഷ്ട്രീയ ഭൂമികയിൽ രക്തം കൊണ്ട് പുതിയ ഇതിഹാസം രചിക്കുന്ന വർത്തമാനകാലത്ത് സ്നേഹവും കാരുണ്യവും അനുകമ്പയും പരോപകാരവും തുടങ്ങിയ സാധനങ്ങൾ മൊത്തമായും ചില്ലറയായും ലഭിക്കുന്ന ഒരാധ്യാത്മിക കേന്ദ്രത്തിൽ നിന്നാണ് ഞെട്ടിപ്പിക്കുന്ന ആ വാർത്ത പുറത്തു വന്നത്. സായിപ്പിന്റെ ദൃഷ്ടിയിൽ കെട്ടിപ്പുണരുന്ന അമ്മ (HUGGING SAINT) ലോകത്തിന്റെ ഒട്ടുമിക്ക സ്ഥലങ്ങളിലും അനുയായികളും അനുചരവൃന്ദങ്ങളും ആബാലവൃദ്ധം ഭക്തരുമുള്ള സാക്ഷാൽ അമൃതാനന്ദമയിയുടെ വത്തിക്കാനായ വള്ളിക്കാവിലെ അമൃതാനന്ദമഠത്തിൽ നടന്ന സംഭവം. ദൈവത്തിന്റെ സ്വന്തം നാട്ടിൽ സ്വസ്ഥത അനുഭവിച്ചുവന്ന ഒരു യുവാവിന്റെ ദാരുണമായ അന്ത്യത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ രീതി കാണുമ്പോൾ യഥാർത്ഥ കുറ്റവാളികളെ രക്ഷപ്പെടുത്താനുള്ള ഗൂഢമായ നീക്കം മണത്തറിയാനുള്ള സാമാന്യബുദ്ധി കേരളീയർക്കുണ്ടെന്നുള്ള സത്യം ബോധപൂർവ്വം വിസ്മരിച്ചുകൊണ്ടുള്ള നീക്കം ആരെ രക്ഷിക്കാനാണെന്നുള്ള ചോദ്യം സമൂഹമനസ്സിൽ ഉണർന്നു കഴിഞ്ഞു.

ഉത്തരപ്രദേശിലെ മുറാദാബാദിലും ഉത്തരഖണ്ഡിലെ രുദ്രാപൂരിലും ബീഹാറിലെ ഫോബസ് ഗഞ്ചിലും രാജസ്ഥാനിലെ ഗോപാൽഗഡ്ഢിലുമല്ല ഈ സംഭവം നടന്നത്. സാക്ഷരത നൂറുമേനി വിളയിച്ചെന്നും രാഷ്ട്രീയ പ്രബുദ്ധതയിൽ ഒന്നാം സ്ഥാനം മറ്റാർക്കും വിട്ടുകൊടുക്കുകയില്ലെന്നും ഭരിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട " ശ്രീബുദ്ധന്റെ നാടിനു നൽകിയ നാണംകെട്ട സംഭവമായിരുന്നു ഇരുപത്തിമൂന്നു വയസ്സുള്ള സത്നാംസിംഗിനെ നിർദാക്ഷിണ്യം, നിഷ്ഠൂരം, നിഷ്ക്കരുണം, നിർദ്ദയം കൊലപ്പെടുത്തിയത്.

കേരളത്തിലെ രാഷ്ട്രീയ കൊലപാതകങ്ങളുടെ സത്യസന്ധമായ ചരിത്രമെഴുതിയാൽ അതിൽ നിറയുന്ന അധാർമ്മികതയുടെ ചുരുളുകൾക്കു മുന്നിൽ നാം പകച്ചുപോകും. അങ്ങനെയല്ലല്ലോ അമൃതാനന്ദമയീമഠം. തീക്കനലിൽ വേവുന്ന മനസ്സുമായി എത്തുന്നവരുടെ സകലമാന പങ്കപ്പാടുകൾക്കും ആശ്വാസത്തിന്റെ ആയിരം നക്ഷത്രങ്ങൾ വിരിയിക്കുന്ന അമ്മയുടെ മുന്നിലിട്ടു ഒരു യുവാവിനെ മർദ്ദിക്കുമ്പോൾ അരുത് എന്നു പറയാൻ എന്തുകൊണ്ട് അമ്മയ്ക്കു തോന്നിയില്ല. അഹിംസയുടെ പര്യായമായ ബുദ്ധന്റെ നാട്ടിൽ നിന്നും അമ്മയെ കാണാനും അനുഗ്രഹംതേടുവാനും ആശ്രമത്തിൽ എത്തിയ യുവാവ് ഏതോ ഒരു പ്രത്യേക നിമിഷത്തിൽ ഉന്മാദിയെപ്പോലെ അലറി വിളിച്ച് അമ്മയുടെ അടുത്തേക്ക് ഓടിയെത്തിയ യുവാവിനെ അമ്മയുടെ അംഗരക്ഷകർ കൈകാര്യം ചെയ്ത രീതി അമ്മ നേരിട്ടു കണ്ടിട്ടുണ്ടാവില്ലേ. തന്റെ കുട്ടികളെ നന്നായി വളർത്തുകയെന്നതാണല്ലോ ഏതൊരമ്മയുടെയും ഏറ്റവും വലിയ സ്വപ്നം. എല്ലാവരെയും സ്വന്തം മക്കളെപ്പോലെ സ്നേഹിക്കുന്ന, ശ്രേഷ്ഠയായ മാതാവിനെപ്പോലെ ജനങ്ങളെ വാത്സല്യപൂർവ്വം ദൈവസോപാനത്തിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കുന്ന കരുണാമയിയായ അമ്മയുടെ ഭാഗത്തുനിന്ന് ദയാപൂർവ്വമായ ഒരു സമീപനം മാനസിക വിഭ്രാന്തിയിൽ അകപ്പെട്ടുപോയ ഒരു യുവാവിനു ലഭിച്ചില്ല. അമ്മ പ്രതിനിധാനം ചെയ്യുന്ന ആദ്ധ്യാത്മിക പാരമ്പര്യം സഹിഷ്ണുതയുടെയും വിട്ടുവീഴ്ചയുടെയും ദയയുടേതുമാണെങ്കിൽ എന്തുകൊണ്ട് വള്ളിക്കാവിലും കൊല്ലത്തും തിരുവനന്തപുരത്തുമായി നടന്ന നീചവും ക്രൂരവുമായ ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് അമ്മ ആവശ്യപ്പെടുന്നില്ല.

ലോകം അവസാനിക്കുന്നതുവരെ നീണ്ടു നില്ക്കുന്ന ചങ്ങലയാണ് ജീവിതം. ജീവിക്കാൻ വേണ്ടി ദൈവം നൽകിയ ജീവൻ അറുത്തുമാറ്റാൻ ആർക്കാണ് അവകാശം. ഒരു പെരുച്ചാഴിയെപ്പോലും തല്ലിക്കൊല്ലാൻ നിയമം അനുവദിക്കാത്ത ഒരു നാട്ടിലാണ് ജീവനുള്ള ഒരു യുവാവിനെ പച്ചയ്ക്ക് തല്ലിക്കൊന്നത്. ഇൻഡ്യൻ പ്രസിഡന്റിനെപ്പോലും കുറ്റവിചാരണ ചെയ്യാൻ നിയമമുള്ള നാട്ടിൽ അമൃതാനന്ദമഠത്തിലെ അനുചരവൃന്ദങ്ങൾക്ക് പ്രത്യേക പരിരക്ഷയുണ്ടോ? ഈ സംഭവത്തിനു ശേഷം മഠവുമായി ബന്ധപ്പെട്ടു പുറത്തു വരുന്ന വാർത്തകൾ അത്രസുഖകരമല്ല. അമ്മയുടെ സഹോദരൻ ഉൾപ്പെടെ അരഡസനിലേറെപ്പേരുടെ മരണവുമായി ബന്ധപ്പെട്ടു കേൾക്കുന്ന ആരോപണങ്ങളെക്കുറിച്ച് നീതിപൂർവ്വകമായ അന്വേഷണം നടത്താൻ അമ്മതന്നെ മുന്നോട്ടു വരണം. സത്യത്തിനു ഒരുമുഖമേയുള്ളൂ. സ്നേഹവും ധർമ്മവും നീതിയും ന്യായവും ശാന്തിയും പ്രസരിക്കുന്ന മുഖം. അതാണു നന്മയുടെ മുഖം. ആ മുഖത്തു നിന്നും അധർമ്മവും അനീതിയും ചതിയും വഞ്ചനയും അമ്മയുടെ ഭക്തർ പ്രതീക്ഷിക്കുന്നില്ല. ഈയവസരത്തിൽ മുഹമ്മദുനബി പറഞ്ഞ വാക്കുകൾ ഓർത്തുപോകുകയാണ്. അക്രമിയായാലും അക്രമത്തിനു വിധേയനായവനായാലും താങ്കൾ താങ്കളുടെ സഹോദരനെപ്പോലെ സ്നേഹിക്കുക. അക്രമിയെ അയാളുടെ അക്രമത്തിൽ നിന്നും സ്നേഹപൂർവ്വം പിന്തിരിപ്പിക്കാനാണ് ശ്രമിക്കേണ്ടത്. സത്നാംസിംഗ് അമ്മയെ ആക്രമിക്കാൻ ഒരുമ്പെട്ടു എന്ന ആരോപിക്കുന്ന ആശ്രമത്തിലെ അമ്മയുടെ അരുമ ശിഷ്യന്മാർ സത്നാംസിംഗിനോടു കാണിച്ച കായികാഭ്യാസത്തോട് അമ്മ യോജിക്കുന്നുണ്ടോ?

ബുദ്ധമതത്തിനു ഏറ്റവുമധികം പ്രചാരം ലഭിച്ച ജപ്പാനിലെ രണ്ടു നഗരങ്ങളിലാണ് മനുഷ്യനിർമ്മിതമായ അണുബോംബു വീണത് .ഇത് ഒരു വൈരുദ്ധ്യമാകാം. അതുപോലെ സ്നേഹവും കാരുണ്യവും പുലരേണ്ട അമൃതപുരിയിൽ അക്രമത്തിന്റെയും കൊലപാതകങ്ങളുടെയും വാർത്തകൾ കേൾക്കുന്നതും ഒരു വൈരുദ്ധ്യമാകാം.

നാഴികയ്ക്കു നാല്പതുവട്ടം ജനങ്ങളുടെ ജീവന്റെയും സ്വത്തിന്റെയും കാര്യത്തിൽ മുറവിളികൂട്ടുന്ന രാഷ്ട്രീയക്കാർ എന്തുകൊണ്ട് ഈകാര്യത്തിൽ മൗനംകാണിക്കുന്നു. മതപരമായ ഒരു കേസിലും സത്യസന്ധമായ അന്വേഷണം നടത്തണമെന്ന് എന്തുകൊണ്ട് രാഷ്ട്രീയപാർട്ടിക്കാർ മുന്നോട്ടുവരുന്നില്ല. മനുഷ്യരെ വോട്ടെന്ന നിലയിൽ മാത്രം കാണാൻ കഴിയുന്ന രാഷ്ട്രീയപാർട്ടികൾക്ക് അമൃത ഭക്തരുടെ വോട്ടുകൾ നഷ്ടപ്പെടുമെന്നുള്ള ഭയമാണോ? പൊതുപ്രവർത്തകരെപോലെയുള്ളവർ വായ് തുറന്നാൽ അനുഭവപ്പെടുന്ന ദുർഗന്ധംകൊണ്ടു പൊറുതി മുട്ടിയ ജനങ്ങൾക്ക് ഈ കാര്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ നിസ്സംഗമായ നിലപാടിൽ ശക്തമായ പ്രതിഷേധമുണ്ടെന്നകാര്യം മറക്കണ്ട. സത്നാംസിംഗിന്റെ മാതാപിതാക്കളുടെ കണ്ണുനീർ മലയാളിയുടെ പൊതുബോധത്തിന്റെ നെഞ്ചിലേക്കാണ് ഇറ്റുവീണത്. അമൃതാനന്ദമയിയുടെ മുന്നിൽ പതറുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ ഈ കാപട്യം കാണാൻ കഴിയാത്തവരല്ല കേരളത്തിലെ ജനങ്ങൾ.

ഗംഗാജലം എൻഡോസൾഫാൻ പോലെ ശുദ്ധമാണെന്ന് പറയുന്ന വിഢ്ഢിത്തരം പോലെ രാഷ്ട്രീയക്കാരുടെ ഈ വിഢ്ഢിവേഷം മനസ്സിലാക്കാൻ കേരളത്തിലെ ജനങ്ങൾക്ക് കഴിയും. അമൃതാനന്ദമയി ഗംഗാനദിയിൽ മുങ്ങി കുളിച്ചാലും എത്ര വീടുകൾ നിർമ്മിച്ചു നൽകിയാലും എത്ര ഹൃദയശസ്ത്രക്രിയ നടത്തി കൊടുത്താലും എത്ര ആലിംഗനം നടത്തിയാലും സത്നാംസിംഗിന്റെ കുടുംബത്തിന് ഏറ്റ വേദനയ്ക്കും കണ്ണുനീരിനും നഷ്ടത്തിനും തുല്യമാകുമോ എന്നു യഥാർത്ഥ ഭക്തർ ചോദിക്കേണ്ട സമയം ആസന്നമായിരിക്കുന്നു.